# കേരളസർവകലാശാല

നം.പി.ആർ.199/2022

## പത്രക്കുറിപ്പ്

### കേരളസർവകലാശാല ബിരുദ പ്രവേശനം 2022
### സ്പോർട്സ് ക്വാട്ട സപ്ലിമെന്ററി റാങ്ക് ലിസ്റ്റ് – പരാതി

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ ബിരുദ കോഴ്സുകളിലെ സ്പോർട്സ് ക്വാട്ട സപ്ലിമെന്ററി റാങ്ക്ലിസ്റ്റിലേക്കുള്ള വെരിഫിക്കേഷൻ പൂർത്തിയായി. വിദ്യാർത്ഥികൾക്ക് പ്രൊഫൈലിൽ നിന്നും വെരിഫിക്കേഷൻ സ്റ്റാറ്റസ് പരിശോധിക്കാവുന്നതാണ്.

പരാതിയുള്ള/സർട്ടിഫിക്കറ്റ് റിജക്ടായ വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ പുതിയതായി സെപ്റ്റംബർ 25 നകം പ്രൊഫൈലിൽ അപ്‌ലോഡ് ചെയ്യാവുന്നതാണ്. സെപ്റ്റംബർ 25 വരെയുള്ള പരാതികൾ പരിഗണിച്ചതിനുശേഷം ഫൈനൽ റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. പ്രസ്തുത തീയതിക്ക് ശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല. പരാതികൾ സർവകലാശാലയിലേക്ക് നേരിട്ടോ/ഇ-മെയിൽ ആയോ അയയ്ക്കേണ്ടതില്ല.

### കേരളസർവകലാശാല
### ഒന്നാം വർഷ ബിരുദാനന്തരബിരുദ പ്രവേശനം 2022
### എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്കുള്ള പ്രവേശനം.

എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്കുള്ള അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. വിദ്യാർഥികൾക്ക് അവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് കമ്മ്യൂണിറ്റി ക്വാട്ട എന്ന ടാബ് ഉപയോഗിച്ച് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള പക്ഷം ഫീസ് ഒടുക്കി (നിലവിൽ യൂണിവേഴ്സിറ്റി ഫീ അടയ്ക്കാത്തവർ) അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്ത് ആയതിൽ പറഞ്ഞിരിക്കുന്ന തീയതിയിൽ അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരാകേണ്ടതാണ്. സെപ്റ്റംബർ 23, 26 തീയതികളിലാണ് കോളേജ് പ്രവേശനം.

കമ്മ്യൂണിറ്റി ക്വാട്ടയിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അഡ്മിഷൻ സമയത്ത് കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്, ടി.സി എന്നിവ ഉൾപ്പെടെ എല്ലാ സർട്ടിഫിക്കറ്റുകളും ഹാജരാക്കേണ്ടതാണ്. വിശദ വിവരങ്ങൾക്ക് https://admissions.keralauniversity.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

### കേരളസർവകലാശാല നാളെ (സെപ്റ്റംബർ 23) നടത്താനിരുന്ന പരീക്ഷകൾ മാറ്റി

കേരളസർവകലാശാല നാളെ (2022 സെപ്റ്റംബർ 23) ന് നടത്താൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും (തിയറി, പ്രാക്ടിക്കൽ & വൈവ വോസി) മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

## കേരളസർവകലാശാല ബി.എഡ്. പ്രവേശനം – 23 ന് നടത്താൻ നിശ്ചയിച്ചിരുന്ന സ്പോട്ട് അഡ്മിഷൻ 25 ലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു

കേരളസർവകലാശാല 2022 സെപ്റ്റംബർ 23 ന് ബി.എഡ്. പ്രവേശനത്തിനായി കൊല്ലം എസ്.എൻ. കോളേജിൽ വച്ച് നടത്താൻ നിശ്ചയിച്ചിരുന്ന സ്പോട്ട് അഡ്മിഷൻ ഹർത്താലിനെ തുടർന്ന് 2022 സെപ്റ്റംബർ 25 ലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു.

## പരീക്ഷാഫലം

കേരളസർവകലാശാല 2021 മെയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.ഡെസ്സ്., സെപ്റ്റംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.ഡെസ്സ്. പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 6 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2022 ആഗസ്റ്റിൽ നടത്തിയ നാല്, ആറ്, എട്ട് സെമസ്റ്റർ ബി.കോം. (ഹിയറിംഗ് ഇംപയേർഡ്) കോഴ്സിന്റെ പ്രായോഗിക പരീക്ഷകൾ യഥാക്രമം സെപ്റ്റംബർ 26, 27 തീയതി മുതൽ അതാത് കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദവിരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി. എൻവിയോൺമെന്റൽ സയൻസ് പരീക്ഷയുടെ പ്രാക്ടിക്കൽ, വൈവ എന്നിവ സെപ്റ്റംബർ 26 മുതൽ ഒക്ടോബർ 7 വരെ അതാതു കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസപഠനകേന്ദ്രം 2022 ഒക്ടോബർ 19 മുതൽ ആരംഭിക്കുന്ന ഒന്ന്, രണ്ട് സെമസ്റ്റർ എം.എൽ.ഐ.എസ്.സി. (എസ്.ഡി.ഇ. – റെഗുലർ 2020 അഡ്മിഷൻ, സപ്ലിമെന്ററി – 2019 അഡ്മിഷൻ) പരീക്ഷകൾക്ക് പിഴകൂടാതെ സെപ്റ്റംബർ 28 വരെയും 150 രൂപ പിഴയോടെ ഒക്ടോബർ 1 വരെയും 400 രൂപ പിഴയോടെ ഒക്ടോബർ 6 വരെയും ഓൺലൈനായി അപേക്ഷിക്കാം.

കേരളസർവകലാശാല 2022 ഒക്ടോബർ 11 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി. മേഴ്സിചാൻസ് പരീക്ഷയ്ക്ക് ഓഫ്ലൈനായി പിഴകൂടാതെ സെപ്റ്റംബർ 3 വരെയും 150 രൂപ പിഴയോടെ സെപ്റ്റംബർ 12 വരെയും 400 രൂപ പിഴയോടെ സെപ്റ്റംബർ 14 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2022 ഏപ്രിലിൽ നടത്തിയ അഞ്ചും ആറും സെമസ്റ്റർ ബി.എ. (എസ്.ഡി.ഇ.) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുളള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡും ഹാൾടിക്കറ്റുമായി സെപ്റ്റംബർ 23 മുതൽ 30 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ബി.എ. റീവാല്യുവേഷൻ സെക്ഷനിൽ ഇ.ജെ.V (അഞ്ച്) ഹാജരാകേണ്ടതാണ്.

## എം.ബി.എ. (ഈവനിംഗ്) – സ്പോട്ട് അഡ്മിഷൻ

കാര്യവട്ടം ഐ.എം.കെ., കവടിയാർ എച്ച്.എൽ.എൽ. മാനേജ്മെന്റ് അക്കാദമി, മൺവിള അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിൽ എം.ബി.എ. (ഈവനിംഗ്) കോഴ്സിലേക്കുളള സ്പോട്ട് അഡ്മിഷൻ സെപ്റ്റംബർ 26 മുതൽ 30 വരെ നടത്തുന്നതാണ്.

# എം.എസ്‌സി. – എസ്.സി. സീറ്റ് ഒഴിവ്

കേരളസർവകലാശാലയുടെ ഫിസിക്സ് പഠനവഗവേഷണ വകുപ്പിൽ എം.എസ്‌സി. പ്രോഗ്രാമിന് 2022 – 24 ബാച്ച് അഡ്മിഷനു എസ്.സി. സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർഥികൾ സെപ്റ്റംബർ 26 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

തിരുവനന്തപുരം,
22.09.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**